## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2677

21/06/2012-ൽ മറുപടി നല്കേണ്ടത്

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ കണക്കെടുപ്പ് തുടങ്ങിയോ ; എങ്കിൽ ജില്ല തിരിച്ചുള്ള വിവരം നൽകുമോ ; | (എ) Zero Landless (citizens) Kerala 2015 എന്ന പദ്ധതിയുടെ പ്രാരംഭ നടപടിയായി സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരുടെയും വിവരം ശേഖരിക്കുന്നതിന് അപേക്ഷാ ഫാറങ്ങളുടെ വിതരണം വില്ലേജാഫീസുകൾ മുഖേന 09/03/2012ന് ആരംഭിച്ചിട്ടുള്ളതും ആയത് 18/06/2012ന് അവസാനിക്കുമെന്ന് നിർദ്ദേശം നല്കിയിരുന്നതുമാണ്. എന്നാൽ 18/06/2012ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം ഭൂരഹിതർക്ക് ഭൂമിക്ക് വേണ്ടി അപേക്ഷിക്കുവാനുള്ള സമയപരിധി ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വില്ലേജ് ആഫീസുകളിൽ തിരികെ ലഭിച്ച പൂരിപ്പിച്ച അപേക്ഷകളിന്മേൽ വില്ലേജ് ആഫിസർ, തഹസീൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കി, 15/08/2012ന് സംസ്ഥാനത്ത് ആകെയുള്ള ഭൂരഹിതരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമാക്കിയിട്ടുള്ളത്. 13/06/2012 വരെ പരിശോധന പൂർത്തിയാക്കിയ അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം 1 ൽ ചേർക്കുന്നു. |

(ബി) കണക്കെടുപ്പ് എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ടി പദ്ധതി പ്രകാരം വില്ലേജ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർ, തഹസീൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കി 15/08/2012 ന് സ്വാതന്ത്ര്യ ദിനത്തിൽ സംസ്ഥാനത്ത് ആകെയുള്ള ഭൂരഹിതരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ മിച്ചഭൂമിയുടെ കണക്കെടുപ്പും നടത്തുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

(സി) Zero Landless (citizens) Kerala 2015 പദ്ധതി പ്രകാരം ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിലേക്ക് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് വർഷങ്ങളായി ഏറ്റെടുക്കാതെ കിടക്കുന്ന മിച്ചഭൂമി ഏറ്റെടുക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

## Zero Landless (citizens) Kerala 2015 പദ്ധതി പ്രകാരം 13/06/2006 വരെ പരിശോധന പൂർത്തിയാക്കിയ അപേക്ഷകളുടെ വിശദാംശങ്ങൾ

| ക്രമനമ്പർ | ജില്ല | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6247 |
| 2 | കൊല്ലം | 1950 |
| 3 | പത്തനംതിട്ട | 1166 |
| 4 | ആലപ്പുഴ | 1704 |
| 5 | കോട്ടയം | 2636 |
| 6 | ഇടുക്കി | 341 |
| 7 | എറണാകുളം | 5008 |
| 8 | തൃശ്ശൂർ | 6497 |
| 9 | പാലക്കാട് | 4414 |
| 10 | കണ്ണൂർ | 2939 |
| 11 | മലപ്പുറം | 7629 |
| 12 | വയനാട് | 1508 |
| 13 | കോഴിക്കോട് | 1798 |
| 14 | കാസർഗോഡ് | 2385 |
| | ആകെ | 46222 |